**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3158** **07-10-2025 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതോറിട്ടിയിലെ പൊതുസ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിട്ടിയിൽ 2025 വർഷത്തെ പൊതുസ്ഥലം മാറ്റത്തിലെ റാങ്ക് പട്ടികയിൽ അപാകതയുണ്ടായിട്ടുള്ളതായി എതെങ്കിലും സർവ്വീസ് സംഘടന പരാതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2025 വർഷത്തെ പൊതു സ്ഥലംമാറ്റ കരട് പട്ടികയിൽ അപാകതകൾ ഉള്ളതായി സർവീസ് സംഘടനകൾ പരാതി നൽകിയിട്ടുണ്ട്. അവ യഥാക്രമം പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിച്ച് പരാതികൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പൊതുസ്ഥലം മാറ്റത്തിന് പരിഗണന ലഭിക്കുന്നതിന് അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (അക്വ) അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നോയെന്ന് വ്യക്തമാക്കുമോ; | (ബി) | സമർപ്പിച്ചിട്ടുണ്ട്.<br><br>റഫറണ്ടം വഴി തെരഞ്ഞെടുത്ത അംഗീകൃത സംഘടനകൾക്കാണ് നിലവിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള പരിരക്ഷ നൽകിയിട്ടുള്ളത്. |
| (സി) | പൊതുസ്ഥലം മാറ്റത്തിൽ അപാകതകൾ ഉണ്ടാകാതിരിക്കുന്നതിനും സുതാര്യമാക്കുന്നതിനും ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പൊതുസ്ഥലം മാറ്റത്തിൽ അപാകതകൾ ഉണ്ടാകാതിരിക്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനും ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ നിലവിൽ സ്വീകരിച്ചിട്ടുണ്ട്. കേരള സർക്കാർ പുറത്തിറക്കിയ പൊതുസ്ഥലം മാറ്റ മാനദണ്ഡങ്ങൾ (ജി.ഒ.(പി) നം. 3 /2017/ഉഭപവ) പ്രകാരം, സ്ഥലംമാറ്റ നടപടികൾ പൂർണ്ണമായും ഓൺലൈൻ സമ്പ്രദായത്തിൽക്കൂടി മാത്രം എൻ.ഐ.സി (നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ) മുഖേന ജി-സ്പാർക്ക് സംവിധാനം ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി എല്ലാ സ്ഥലംമാറ്റ ഉത്തരവുകളുടെയും കരട് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി ജീവനക്കാർക്ക് സമയം അനുവദിക്കുകയും ചെയ്യുന്നു. ലഭിക്കുന്ന അപ്പീലുകളും പരാതികളും നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി മെറിറ്റ് പരിശോധിച്ച് പരിഗണിക്കുന്നതിലൂടെ ജീവനക്കാരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുകയും സുഗമമായ പ്രവർത്തനത്തിനും കാര്യക്ഷമതയ്ക്കും വേണ്ടിയുള്ള പൊതുതാൽപ്പര്യം |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുകയും ചെയ്യുന്നു. അതിൻപ്രകാരം അന്തിമപട്ടിക തയ്യാറാക്കുകയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ